**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2517** **12-10-2021 - ൽ മറുപടിയ്ക്ക്**

**കയർ വ്യവസായ സഹകരണ സംഘത്തിലെ തീപിടുത്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഹരിപ്പാട് വലിയഴിക്കലിലുള്ള കയർ വ്യവസായ സഹകരണ സംഘത്തിലുണ്ടായ (ക്ലിപ്തം നമ്പർ എ 658) തീപിടുത്തത്തെത്തുടർന്ന് എത്ര ലക്ഷം രൂപയുടെ നഷ്ടമാണ് സംഭവിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | ഹരിപ്പാട് വലിയഴിക്കൽ കയർ വ്യവസായ സഹകരണ സംഘത്തിലുണ്ടായ (ക്ലിപ്തം നം.എ 658) തീപ്പിടുത്തത്തെ തുടർന്ന് 15,89,250/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് പ്രസ്തുത സംഘം നേരിടുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | പ്രസ്തുത സംഘത്തിന്റെ പ്രവർത്തന മൂലധനത്തിനുണ്ടായ നഷ്ടം നികത്തുന്നതിനും സംഘത്തിന്റെ നിലനിൽപ്പിനും വേണ്ടി കയർഫെഡിനും കയർവികസന ഡയറക്ടറേറ്റിലും നൽകിയ നിവേദനത്തിന്മേൽ എന്ത് തുടർനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന കാര്യം അറിയിക്കാമോ; | (സി) | സംഘത്തിലുണ്ടായ തീപ്പിടുത്തത്തിൽ കയർ സ്റ്റോക്കിനുണ്ടായ നഷ്ടമായ 4,96,800/- രൂപ പ്രവർത്തന മൂലധനം തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിന് കായംകുളം കയർ പ്രോജക്ട് ഓഫീസർ ശുപാർശ ചെയ്തിരുന്നുവെങ്കിലും കയർ സഹകരണ സംഘങ്ങൾക്ക് അസംസ്കൃത വസ്തുകൾ വാങ്ങുന്നതിനും വേതനം നൽകുന്നതിനും മാത്രമേ പ്രവർത്തന മൂലധനം അനുവദിക്കാൻ സാധിക്കുകയുള്ളു എന്ന് (10/8/17-ലെ ജി.ഒ.(ആർ.റ്റി.)നം.1161/2017/ഐഡി ) വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ തീപ്പിടുത്തം മൂലം നഷ്ടമായ തുക പ്രവർത്തന മൂലധനമായി അനുവദിക്കാൻ സാധിക്കുകയില്ല എന്ന വിവരം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്. |
| (ഡി) | ഇക്കാര്യത്തിൽ അടിയന്തിര ധനസഹായവും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഇത്തരം സാഹചര്യത്തിൽ അടിയന്തിര ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതികളൊന്നും തന്നെ കയർ വികസന വകുപ്പിൽ നിലവില്ല.എങ്കിലും അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ടി സംഘത്തിന് വർക്ക് ഷെഡ് നിർമ്മിക്കുന്നതിന് 9,65,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ